# നവജ്യോതി
LIGHTED TO ENLIGHTEN
നമ്മുടെ കോളേജിന്റെ വാർത്താജാലകം

ഓഗസ്റ്റ് 5 ചൊവ്വ


# ബിരുദദാന ചടങ്ങ് ആഘോഷമാക്കി നവജ്യോതി കോളേജ്







ചെറുപുഴ നവജ്യോതി കോളേജിൽ 2022 25 വർഷത്തെ ബിരുദം നേടിയവർക്കായി ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള സ്കൂൾ ഓഫ് എഡ്യൂക്കേഷൻ പ്രൊഫസർ ഡോ. അമൃത് ജി കുമാറും , മാന്നാനം കെ ഇ കോളേജ് സൈക്കോളജി വിഭാഗം മേധാവിയും,അസോസിയേറ്റ് പ്രൊഫസറുമായ റവ. ഡോ. ജോൺസൺ ജോസഫ് സി. എസ്. റ്റിയും വിശിഷ്ടാതിഥിയായ ചടങ്ങിൽ നവജ്യോതി കോളേജ് മാനേജർ ഫാ. ജോസഫ് ചാത്തനാട്ട് സി. എസ്. റ്റി, ഡയറക്ടർ ഫാ. സിജോയ് പോൾ സി എസ് റ്റി, പ്രിൻസിപ്പൽ ഡോ. കെ. കെ സോമശേഖരൻ സർ, വൈസ് പ്രിൻസിപ്പൽ ഫാ. ജോസ് താമരക്കാട്ട് സി. എസ്. റ്റി, ബർസാർ ഫാ .അരുൺ പി ജെയിംസ് സി. എസ്. റ്റി, ഡിപ്പാർട്മെന്റ് മേധാവികൾ എന്നിവർ വേദി അലങ്കരിച്ചു.ബിരുദ ദാന ചടങ്ങിനോടൊപ്പം, പാഠ്യ വിഷയങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായുള്ള നവജ്യോതി എക്സലൻസ് അവാർഡ്, മഹാത്മാഗാന്ധി അവാർഡ്, കലാകായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായുള്ള ലിറ്റിൽ ഫ്ളവർ അച്ചീവേഴ്സ് എൻഡോമെന്റ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ മികവ് പുലർത്തിയ വിദ്യാർഥിക്കായുള്ള ബിറ്റ്സ് ഫ്ലേർ അവാർഡ് എന്നിങ്ങനെ നിരവധി അവാർഡുകളും പ്രസ്തുത ചടങ്ങിൽ നൽകി. വിദ്യാർത്ഥികളോടൊപ്പം കുടുംബാംഗങ്ങളും അധ്യാപകരും മറ്റു വിദ്യാർത്ഥികളും പങ്കുചേർന്നതോടെ ബിരുദദാന ചടങ്ങ് മനോഹരമായി. മൂന്നു വർഷത്തെ വിദ്യാർത്ഥികളുടെ പ്രയത്നവും അധ്യാപകർ പകർന്നു നൽകിയ അറിവുമെല്ലാം പാഠ്യവിഷയങ്ങളിൽ മുന്നേറുക മാത്രമല്ല, പാഠ്യേതര വിഷയങ്ങളിലും വ്യക്തിത്വ വികാസത്തിനും ഏറെ സഹായിച്ചുവെന്നും, നവജ്യോതി നൽകിയ ഓർമ്മകൾ ഹൃദയത്തിൽ ചേർത്തുവെക്കുമെന്നും വിദ്യാർത്ഥികൾ നന്ദി പ്രസംഗത്തിൽ പറഞ്ഞു. ഇനിയും നവജ്യോതിയുടെ വിജയകഥകൾ തുടരട്ടെ എന്ന് ആശംസിച്ചുകൊണ്ട് മറ്റൊരു ബിരുദദാന ചടങ്ങും മനോഹരമായി അവസാനിച്ചു.

# നവജ്യോതി കോളേജിൽ ദീക്ഷാരംഭ്






ചെറുപുഴ: നവജ്യോതി കോളേജിൽ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളുടെ അധ്യയന വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും അഞ്ച് ദിവസം നീണ്ടു നിൽക്കുന്ന ദീക്ഷാരംഭ് എന്ന പ്രോഗ്രാം സംഘടിപ്പിക്കുകയും ചെയ്തു. ജൂലൈ പത്തിന് കോളജ് സെമിനാർ ഹാളിൽ വെച്ച് നടന്ന ഒന്നാം വർഷ വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ കോളജ് മാനേജർ ഫാദർ ജോസഫ് ചാത്തനാട്ട് അധ്യയന വർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് കോളജ് പ്രിൻസിപ്പൾ ഡോക്ടർ കെ. കെ. സോമശേഖരൻ, ഫാദർ അരുൺ, ഫാദർ സിജോയ് പോൾ എന്നിവർ സംസാരിച്ചു. അഞ്ച് ദിവസം നീണ്ടുനിന്ന ദീക്ഷാരംഭിൽ ഇന്റർ നാഷണൽ ട്രെയിനർ ടി. എൻ. ബാലചന്ദ്രൻ ഐസ് ബ്രേക്കിംഗ് സെഷൻ നടത്തി. ഫാദർ സിജോയ് പോൾ ഇൻസ്റ്റിറ്റ്യൂഷണൽ ഓറിയന്റേഷൻ നടത്തുകയും ലഹരിയുടെ ലോകവും സൈബർ നിയമങ്ങളും എന്ന വിഷയത്തെക്കുറിച്ച് പെരിങ്ങോം എ. എസ്. ഐ. ഹബീബ് റഹ്മാൻ സാർ ക്ലാസ്സ് എടുക്കുകയും വ്യക്തിത്വ വികസനത്തെക്കുറിച്ച് കെ. ആർ. കൺസ്ട്രക്ഷൻ എം.ഡി. ഷിജു കൊന്നക്കൽ ക്ലാസ്സ് എടുക്കുകയും പാട്ടും പറച്ചിലുമായി ഗായിക എലിസബത്ത് എസ്. മാത്യു സമയം പങ്കിടുകയും പൂർവ്വ വിദ്യാർഥികളായ മുഹമ്മദ് മിൻഹാജ് , ആദർശ് മാത്യു എന്നിവർ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. അഞ്ച് ദിവസങ്ങളിലായി വിവിധ ഗെയിമുകൾ നടത്തിയും, ഓടക്കൊല്ലി നേച്ചറൽ കേവിൽ സാഹസിക യാത്ര നടത്തിയും പെരുമ്പടവ് തലവിൽ പ്രവർത്തിക്കുന്ന ജി.എസ്.ആർ.ടി.സി. റിഹാബിലിറ്റേഷൻ കേന്ദ്രത്തിലെ അന്തേവാസികളെ സന്ദർശിച്ച് വിവിധ പ്രോഗ്രാമുകൾ നടത്തിയും സമ്മാനങ്ങൾ നൽകിയും വിവിധ ക്ലബ്ബുകൾ, സെല്ലുകൾ, കോളജ് പ്രോഗ്രാമുകൾ എന്നിവയെകുറിച്ച് വിവിധ അധ്യാപകർ ക്ലാസുകൾ നൽകിയും വിദ്യാർത്ഥികൾക്ക് കോളജിനെക്കുറിച്ച് കൂടുതൽ അറിവുകൾ നൽകി. ജൂലൈ 10 മുതൽ നടന്ന ദീക്ഷാരംഭിന്റെ സമാപന സമ്മേളനം ജൂലൈ 16ന് നടന്നു. സമ്മേളനത്തിൽ കോളജ് അധികാരികളും അധ്യാപകരും സംസാരിക്കുകയും വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും അഞ്ച് ദിവസങ്ങളിൽ നടന്ന മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. അഞ്ച് ദിവസങ്ങൾക്കൊണ്ട് വിദ്യാർത്ഥികൾ തയാറാക്കിയ ദീക്ഷ എന്ന കയ്യെഴുത്ത് മാസികയുടെ പ്രകാശനവും ചടങ്ങിൽ നടത്തി.

## Mental Health Awareness Among College Students

Evelyn Ruth Jimmy

The mental health and wellbeing of university and college students are essential to the health and future of society, as these students grow up to become future leaders. This group faces many challenges and stressors, which have been further increased in recent years by the COVID-19 pandemic, and contribute to the mental health crisis facing many young adults.

Numerous mental health issues are experienced by college students and include anxiety, depression, suicidal ideation, and overwhelming stress. Mental health challenges among college students are common and often unaddressed. Stigma is recognized as a potential barrier to seeking help for a mental health disorder.

India is in the third position in terms of number of higher learning institutions after the United States and China. As per the Ministry of Human Resource Development report the number of Universities has tremendously risen from 20 in 1950–677 in 2014 (Ministry of Human Resource Development, MHRD, Government of India, 2015).

In tertiary education, a high number of students move away from families and stay in boarding houses. Apart from loneliness, new environment, academic demands, peer group pressure, financial strains, and relationships with new friends are some of the common issues that turn out to be stressors for some students.

It is important to note that in India, to date, universities still lack the facility of counselling centers, where trained counselors and psychologists can assist students at an early stage of stress in order to prevent further complications like clinical depression and suicide.

# ചെറുപുഴ നവജ്യോതി കോളേജിൽ ചെസ്സ് ടൂർണമെന്റ് സംഘടിപ്പിച്ചു



അരുണിമ കെ

ചെറുപുഴ: നവജ്യോതി കോളേജിൽ ദേശീയ ചെസ്സ് ദിനത്തോടനുബന്ധിച്ച് **Department of computer Studies** ന്റെ ക്ലബ് ആയ **BCASA** യും N-SAC ഉം ചേർന്ന് സംഘടിപ്പിച്ച ചെസ്സ് ടൂർണമെന്റിൽ വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.**BBA** വിഭാഗത്തിലെ വിദ്യാർത്ഥിയായ ആൽബർട്ട് ജോർജ് ഫൈനൽ റൗണ്ടിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഒന്നാം സ്ഥാനം നേടി. രണ്ടാം സ്ഥാനത്ത് **BBA** വിഭാഗത്തിലെ അഭിജിത് എൻ ജെ എത്തി. മൂന്നാം സ്ഥാനത്ത് **BBA** വിഭാഗത്തിലെ രോഹിത് പി എത്തി. വിജയികൾക്ക് കോമേഴ്സ് വിഭാഗം അധ്യാപകൻ എബി പി ജോസ് കമ്പ്യൂട്ടർ സ്റ്റഡീസ് അധ്യാപികമാരായ പ്രിയങ്ക സെബാസ്റ്റ്യൻ ,അശ്വതി ബാബു മോമെന്റോകൾ കൈമാറി.ഇത്തരമൊരു മത്സരത്തിലൂടെ വിദ്യാർത്ഥികളിൽ ചിന്തനശേഷി, സഹിഷ്ണുത, ആത്മവിശ്വാസം എന്നീ മൂല്യങ്ങൾ വളർത്താൻ കഴിയുന്നതായി സംഘാടകർ വ്യക്തമാക്കി.

## അഖിലകേരള വായനോത്സവം ക്വിസ് കോമ്പറ്റീഷൻ




നവജ്യോതി കോളേജ് ലൈബ്രറിയും ഗ്രാമീണ വായനശാല ചെറുപുഴയും സംയുക്തമായി കോളേജ് കുട്ടികൾക്ക് വേണ്ടി ക്വിസ് മത്സരം നടത്തുകയുണ്ടായി. അമ്പതിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ രണ്ടാം വർഷ ബികോം വിദ്യാർത്ഥി അജയ് തോമസ് ഒന്നാം സ്ഥാനവും, റൂവ്യസ് രണ്ടാം സ്ഥാനവും, ജേക്കബ് മൂന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. ഫസ്റ്റ് പ്രൈസ് നേടിയ അജയ് തോമസ് ബ്ലോക്ക് മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

# ചെറുപുഴ നവജ്യോതി കോളേജിൽ Interaction with Industrial Expert ഇന്റേൺഷിപ് പ്രോഗ്രാം സംഘടിപ്പിച്ചു




ബിജിൽ ജിമ്മി

ചെറുപുഴ:നവജ്യോതി കോളേജ് ബി.സി.എ വിഭാഗവും ചെറുപുഴയിലെ **ToScroll** എന്ന കമ്പനിയും സംയുക്തമായി **രണ്ട** മൂന്ന് വർഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഇന്ററാക്ഷൻ വിത്ത് ഇൻഡസ്ട്രിയൽ എക്സ്പേർട്ട് പ്രോഗ്രാം ജൂലൈ പതിനൊന്നു രാവിലെ 10:45 മുതൽ 11:45 വരെ കോളേജിലെ ഓഡിയോ വിഷൻ റൂമിൽ നടന്നു.

പ്രോഗ്രാമിന്റെ ആരംഭത്തിൽ **BCA** മൂന്നാം വർഷ വിദ്യാർത്ഥി നന്ദന മോഹൻ സ്വാഗതം ആശംസിച്ചു. വെബ്സൈറ്റ് ഡെവലപ്പ്മെന്റിനു ആവശ്യമായ വിവിധ കാര്യങ്ങളെക്കുറിച്ചും ഭാവിയിൽ വിദ്യാർത്ഥികൾ കടന്നുചെല്ലാൻ പോകുന്ന അവസരങ്ങളെ കുറിച്ചും കൂടുതൽ അറിവുകൾ നൽകാൻ **To Scroll**-ന്റെ co-o അജിത് ആർ തമ്പി വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി. സംഭാഷണത്തിനിടയിൽ കമ്പനിയിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് നൽകുന്നതിനെക്കുറിച്ചും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭാവിയിലെ തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അറിവുകൾ നേടാനും, ഇപ്പോൾ ഇൻഡസ്ട്രിയൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചു കൂടുതൽ അറിയാനും ഈ പ്രോഗ്രാം ഏറെ ഗുണപ്രദമായിരുന്നു എന്ന് വിദ്യാർത്ഥികൾ അഭിപ്രായപെട്ടു.

## വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കടുമേനി ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വിവിധ പരിപാടികളി ലൂടെ ബഷീർ അനുസ്മരണം ന ടത്തി. ക്വിസ്, ബഷീർ ദിന സ്കിറ്റ്, തുടങ്ങിയ പരിപാടികൾ നടത്തി. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ക്ലയർ, നവജ്യോതി കോളജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവി സി.വി. ആതിര, ലൈബ്രേറിയൻ ബിന്ദു സെബാസ്റ്റ്യൻ വിദ്യാർഥികളായ ജോ മരിയ സ്റ്റാൻലി, പി.ജെ. തോമസ്, ഷെഫിൻ എന്നിവർ നേതൃത്വം നൽകി. നവജ്യോതി കോളജിൽ ബഷീർ ദിനത്തിനോട് അനുബന്ധിച്ച് ചലച്ചിത്ര പ്രദർശനം നടത്തി. ബഷീറിന്റെ സാഹിത്യ പ്രവർത്തനം, പഴയ കാലത്തെ വിദ്യാലയങ്ങൾ, കുടുംബങ്ങൾ, കുടുംബങ്ങളിലെ ജീവിതരീതികൾ, പഴയ കാലത്ത് ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ എന്നിവ സംബന്ധിച്ച ചലച്ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

## കുരുന്നുകൾക്കിടയിൽ പേപ്പർ ബാഗുമായി നവജ്യോതിയിലെ വിദ്യാർത്ഥികൾ.



ഫെബിൻ ബിജു

നവജ്യോതി കോളേജ് പഴ്സി ഡിപ്പാർട്ട്മെൻറ് ഓഫ് ഇംഗ്ലീഷ് ഇങ്ക് ജേൺ ക്ലബ്ബിൻറെ ഭാഗമായി പേപ്പർ ബാഗ് ദിന ആഘോഷത്തിനോടാനുബന്ധിച്ച് ജൂലൈ 14 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ചെറുപുഴ ജെ എം യു പി സ്കൂളിൽ വെച്ച് പേപ്പർ ബാഗ് നിർമ്മാണ വർക്ക്ഷോപ്പ് നടത്തി. പേപ്പർ ബാഗിന്റെ ഉപയോഗത്തെപ്പറ്റിയും പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗത്തിന്റെ ദോഷഫലങ്ങളും കുട്ടികളെ മനസ്സിലാക്കിക്കൊടുക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു. കൂടാതെ പേപ്പർ ബാഗ് നിർമ്മാണരീതിയും കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് കുട്ടികളെ കൊണ്ട തന്നെ പേപ്പർ ബാഗ് നിർമ്മിക്കുകയും അതിൽ മികച്ച കുട്ടികൾക്ക് സമ്മാനങ്ങളും നൽകി. 30 ഓളം കുട്ടികൾ ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

# SEBI അംഗീകൃത പരിശീലകനോടൊപ്പം സാമ്പത്തിക ജ്ഞാന ക്ലാസ്



അനില കെ എസ്

PG department of commerce ഉം, **Komerco the commerce club** ഉം സംയുക്തമായി 2025 ജൂലൈ 17ന് ഉച്ചയ്ക്ക് 1:15 pm ന് Av റൂമിൽ സാമ്പത്തിക ജ്ഞാന പരിപാടി സംഘടിപ്പിച്ചു.

SEBI യുടെഅംഗീകൃത പരിശീലകനായ മിസ്റ്റർ നിഖിൽ ആണ് ക്ലാസ് നയിച്ചത്. അദ്ദേഹം മൂന്നാം വർഷ ബീകോം വിദ്യാർത്ഥികൾക്ക് 1: 15 pm മുതൽ 2:15 pm വരെ ഒരു സെക്ഷനും രണ്ടാം വർഷ ബികോം വിദ്യാർത്ഥികൾക്ക് 2:15 pm മുതൽ 3:15 pm വരെ മറ്റൊരു സെക്ഷനും നടത്തി.PG department അധ്യാപകനായ എ ബി ജോസ് പി സ്വാഗതം ആശംസിക്കുകയും മിസ്റ്റർ നിഖിലിന് സെക്ഷൻ കൈമാറുകയും ചെയ്തു.

സെക്ഷനിൽ നിരവധി വിഷയങ്ങൾക്ക് ആവശ്യമായ വിശദീകരണം നൽകുകയും സ്റ്റോക്ക് മാർക്കറ്റിന്റെ പ്രവർത്തനങ്ങളും സാമ്പത്തികത്തിൽ അതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. ഇന്നത്തെ ലോകത്ത് യുവാക്കളുടെ സാമ്പത്തിക ഭാവി നയിക്കാനുള്ള സാമ്പത്തിക പരിജ്ഞാനത്തിന്റെ പ്രാധാന്യവും വ്യക്തമാക്കി.

സ്റ്റോക്ക് മാർക്കറ്റിൽ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റിയും പ്രധാനമായി ചർച്ച ചെയ്തു. മാർക്കറ്റ് റിസ്ക്, ക്രെഡിറ്റ് റിസ്ക്, ലിക്യുഡിറ്റി റിസ്ക് എന്നിവയെ കുറിച്ച് വിശദമായി പറഞ്ഞുതരുകയും ഈ ഘടകങ്ങൾ നിക്ഷേപ തീരുമാനങ്ങളിൽ എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്നും അദ്ദേഹം പറഞ്ഞുതന്നു. സാമ്പത്തിക അപകടങ്ങൾ നിയന്ത്രിക്കുന്നതിന് പ്രായോഗിക തന്ത്രങ്ങൾ പങ്കുവെച്ച് വിദ്യാർത്ഥികളെ അവരുടെ സാമ്പത്തിക കാര്യങ്ങളിൽ പ്രധാനപ്പെട്ട തീരുമാനങ്ങൾ എങ്ങനെ എടുക്കാം എന്നും അദ്ദേഹം വിശദമാക്കി.സെക്ഷനിന് ഇടയ്ക്ക് വിദ്യാർത്ഥികൾ ചോദ്യം ചോദിച്ച് ചർച്ചയിൽ പങ്കാളികളാകുവാനും അവസരം ലഭിച്ചു. ഇതിലൂടെ വിദ്യാർഥികളുടെ അറിവ് കൂടുതൽ മെച്ചപ്പെടുകയും ചെയ്തു. മിസ്റ്റർ നിഖിൽ വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുകയും ചെയ്തു.സാമൂഹികവും സാമ്പത്തികവുമായ ഈ പരിപാടി വിദ്യാർത്ഥികൾക്ക് അറിവും പ്രചോദനവും നൽകി. പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ഈ പരിപാടിയെ വിജയകരമാക്കാൻ ഒരു പ്രധാന പങ്കുവഹിച്ചു. വിദ്യാർത്ഥികളുടെ പ്രതികരണം ഈ പ്രോഗ്രാമിന് കൂടുതൽ ഉണർന്നു നൽകിയിരുന്നു. സെക്ഷൻ അവർക്ക് വിവരപ്രദവും ആയതായി അവർ പറഞ്ഞു.

അവസാനമായി പിജെ ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്. കൊമാർക്കോ. സെബി എന്നിവരുടെ സഹകരണത്തോടെ നടത്തിയ ഈ പ്രോഗ്രാം വിദ്യാർത്ഥികളെ അവരുടെ വ്യക്തിഗത പ്രൊഫഷണൽ ജീവിതത്തിൽ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും

# ലൈബ്രേറിയനുമായി ഒരഭിമുഖ സംഭാഷണത്തിലൂടെ വിദ്യാർഥികൾ.



ആൽബർട്ട് മാത്യു

നവജ്യോതി കോളേജ് ലൈബ്രേറിയൻ ബിന്ദു സെബാസ്റ്റ്യനുമായി ഇംഗ്ലീഷ് വിഭാഗം മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾ അഭിമുഖ സംഭാഷണം നടത്തി.'ചാറ്റ് വിത്ത് ലൈബ്രേറിയൻ'എന്നതിലൂടെ ബിന്ദു സെബാസ്റ്റ്യൻ വിദ്യാർഥികൾക്കും അധ്യാപകർക്കും ഒരു ലൈബ്രറിയുടെ തുടക്കം എങ്ങനെ എന്ന ആശയത്തെക്കുറിച്ച് അറിവുകൾ നൽകി. ഇംഗ്ലീഷ് വിഭാഗം ലൈബ്രറിയുടെമെച്ചപ്പെടുത്തലുകൾക്ക് ഉപകാരപ്രദമാകുംവിധമാണ് ലൈബ്രേറിയന്റെ അഭിമുഖം. വിദ്യാർത്ഥികളുടെ സംശയത്തെ പരിഹരിച്ച് നൽകാനും ഈ പരിപാടിയിലൂടെ ലൈബ്രേറിയിന് സാധിച്ചു. ഇംഗ്ലീഷ് വിഭാഗം എച്ച്. ഒ.ഡി ആതിര സി വി, അധ്യാപികമാരായ നമിത മാത്യു, കരോളിൻ മരിയ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# ഹൃദയങ്ങൾ കീഴടക്കി: കുണ്ടംതടത്തിലേക്ക് സ്നേഹസന്ദർശനം

സി .അഷ്ണ മരിയ

ചെറുപുഴ നവജ്യോതി കോളേജ്, **komerco The commerce club** ന്റെ നേതൃത്വത്തിൽ ബികോം രണ്ടാം വർഷ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് 2025 ജൂലൈ 28ന് കുണ്ടംതടം ഏഞ്ചൽ സ്പെഷ്യൽ സ്കൂളിൽ **out reach program** സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ സ്കൂൾ കുട്ടികൾക്കായി വിവിധ വിനോദപ്രദമായ ആക്ടിവിറ്റികളും ഗെയിമുകളും സംഘടിപ്പിക്കുകയും ആകർഷകമായ സമ്മാനങ്ങളും മധുര പലഹാരങ്ങളും നൽകുകയും ചെയ്തു. **differently abled** ആയ കുട്ടികളോടൊപ്പം അവരുടെആ ലോകത്തിൽ കുറച്ചുസമയം പങ്കുവെക്കാൻ കഴിഞ്ഞതിൽ വിദ്യാർത്ഥികൾ അതീവ സന്തോഷവും ആവേശവും ആണ് പ്രകടിപ്പിച്ചത്. നിഷ്കളങ്കമായ ആ ചിരികളും കാഴ്ചകളും വിദ്യാർത്ഥികൾക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമായി മാറി. വിദ്യാർത്ഥികളോട് ചേർന്ന് നിന്ന് പ്രിൻസിപ്പൽ സോമശേഖരൻ സാറും പീജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ക്ലബ്ബിലെ അധ്യാപകരും എല്ലാവിധ പ്രോത്സാഹനവും നൽകി.

# BCASA MEET-UP "PARICHAYY"



അരുണിമ കെ

ചെറുപുഴ: നവജ്യോതി കോളേജിൽ സംഘടിപ്പിച്ച ഫ്രെഷേഴ്സും സീനിയേഴ്സും തമ്മിലുള്ള ഇന്ററാക്ഷൻ പരിപാടി ജൂലൈ 30 ഉച്ചയ്ക്ക് 1:30 ന് കോളേജ് ഓഡിറ്റോറിയത്തിൽ ആരംഭിച്ചു.രണ്ടാം വർഷ വിദ്യാർത്ഥിയായ സൗരവ് സ്വാഗത പ്രസംഗം നടത്തി.BCA ഡിപ്പാർട്ട്മെന്റ് മേധാവി ആനി സുഫലമ്മ എൻ മാത്യു പരിപാടി ഉദ്ഘാടനം ചെയ്തു.പരിപാടിയുടെ ആങ്കറിംഗിനായ് രണ്ടാം വർഷ വിദ്യാർത്ഥി ആയ അദ്വൈത് വേദിയിലെത്തി ഒന്നാം വർഷ വിദ്യാർത്ഥികളെക്കൊണ്ട് സ്വയം പരിചയപ്പെടൽ നടത്തിച്ചു.വിദ്യാർത്ഥികളെ കൂടുതൽ പരിച്ചയപ്പെടുന്നതിനായി ഗ്രൂപ്പ് വിഭജനം നടത്തി.ഗ്രൂപ്പുകൾ തമ്മിൽ വ്യത്യസ്ത ഗെയിമുകൾ സംഘടിപ്പിച്ചു.പിന്നീട് രണ്ടാം വർഷ വിദ്യാർത്ഥിയായ ദേവിക ഈ വർഷത്തെ ബിസി എ ആക്ഷൻ പ്ലാൻ അവതരിപ്പിച്ചു.അധ്യാപകരുടെ ഭാഗത്തുനിന്നും പ്രചോദനപരമായ സന്ദേശങ്ങൾ ഓരോരുത്തരായി പങ്കുവെച്ചു.ഒന്നാം വർഷ വിദ്യാർത്ഥിയായ ആൻ മരിയ , രണ്ടാം വർഷ വിദ്യാർത്ഥിയായ ദേവിക എന്നിവർ വിദ്യാർത്ഥി പ്രതിനിധികളായി നന്ദി അറിയിച്ചു.

# ക്രിയേറ്റീവ് & അക്കാഡമിക് റൈറ്റിംഗ് വർക്ക്ഷോപ്പ്



കിരൺ കെ എസ്

നവജ്യോതി കോളേജ് പി ജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് ഇങ്ക്ജേൺ ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ക്രിയേറ്റീവ് & അക്കാഡമിക് റൈറ്റിംഗ് വർക്ക്ഷോപ്പ് ജൂലൈ 19 ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് ഓഡിയോ വിഷ്വൽ റൂമിൽ വെച്ച് നടത്തപ്പെട്ടു. പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ ഡോ: കെ കെ സോമശേഖരൻ, ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറ് മേധാവി Mrs. ആതിര സി വി എന്നിവർ സംസാരിച്ചു. സോഴ്സ് പേഴ്സൺ സോഷ്യൽ സയന്റിസ്റ്റും എഴുത്തുകാരിയുമായ ഡോ: ബിൻസി മരിയ വിൻസൻറ് വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. ക്ലാസുകൾക്ക് ശേഷം വിദ്യാർത്ഥികൾ തൻറെ സംശയങ്ങൾ ദൂരീകരിക്കുകയും, പ്രതികരണങ്ങളും അറിയിച്ചു. 30 വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

# ഫ്രെഷേഴ്സ് ഡേ ' ഭ. ഭ. ബ

നവജ്യോതി കോളേജ് 2025 26 ആദ്യ വർഷ വിദ്യാർത്ഥികൾക്കായി, കോളേജ് സ്റ്റുഡൻസ് യൂണിയനും , SAIN et.al. ചേർന്ന് ഒരുക്കിയ ഫ്രെഷേഴ്സ് ഡേ ' ഭ. ഭ. ബ ' (ഭയം, ഭക്തി, ബഹുമാനം )ജൂലൈ 21 തിങ്കളാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 യോടെ തുടങ്ങിയ ഉദ്ഘാടന ചടങ്ങിൽ സ്വാഗതം അർപ്പിച്ചു സംസാരിച്ചത് SAIN et. al. പ്രസിഡൻറ് അജയ് തോമസ് , അധ്യക്ഷ സ്ഥാനം അലങ്കരിച്ചത് കോളേജ് പ്രിൻസിപ്പൽ ഡോ കെ കെ സോമശേഖരൻ , പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിച്ചത് കോളേജ് മാനേജർ ഫാ: ജോസഫ് ചാത്തനാട്ട്, ആശംസകൾ അർപ്പിച്ച് സംസാരിച്ചത് കോളേജ് ഡയറക്ടർ ഫാ: സിജോയി പോൾ, സ്റ്റാഫ്



സെക്രട്ടറി മിസിസ് സില്ലു ജോൺ ,കോളേജ് സ്റ്റുഡൻസ് യൂണിയൻ ചെയർമാൻ മിസ്റ്റർ ഫെബിൻ ബിജു എന്നിവരാണ്. കോളേജ് സ്റ്റുഡൻറ് എഡിറ്റർ മിസ്റ്റർ മാർട്ടിൻ നോബിൾ എല്ലാവർക്കും നന്ദി അറിയിച്ചു. അതിനുശേഷം കോളേജിൽ എത്തിയ പുതിയ വിദ്യാർഥികൾക്കായുള്ള ടാസ്കുകളും, മറ്റ് കലാപരിപാടികളും, കോളേജ് രണ്ടും മൂന്നും വർഷ വിദ്യാർത്ഥികളുടെ വിവിധ കലാ പരിപാടികളും ഇതിനിടയിൽ നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30നു ശേഷം വിദ്യാർത്ഥികളെ ആനന്ദകരമാക്കാൻ 'DJ JUDE THOMAS ' ന്റെ DJ പ്രോഗ്രാമും നടത്തപ്പെട്ടു. കുട്ടികളെല്ലാവരും വളരെ അച്ചടക്കത്തോടെയും, ആഹ്ലാദത്തോടെയും പങ്കെടുത്ത പരിപാടി വളരെ വിജയമായിരുന്നു.